

മേയ് 2023

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

ഭാഗ്യസ്മരണീയരായ അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെയും, പത്മഭൂഷൺ അഭി. ഡോ. ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെയും സ്മരണാർത്ഥം അനുസ്മരണ പ്രഭാഷണങ്ങൾ യഥാക്രമം ഏപ്രിൽ മാസം 1-ാം തീയതി കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിലും 23-ാം തീയതി മന്ദമരുതി ബഥേൽ മാർത്തോമ്മാ പള്ളിയിലും വെച്ച് നടത്തി. പ്രചോദനാത്മക സാന്നിദ്ധ്യവും മാതൃകയുമായിരുന്ന അഭിവന്ദ്യ തിരുമേനിമാരുടെ സ്മരണ നിലനിർത്തുന്നതിനും, ദർശനങ്ങളെ കൂടുതൽ തിളക്കമാർന്നതാക്കുന്നതിനും, അനേകരെ മാതൃകാപരമായി സ്വാധീനിക്കുന്നതിനും ഈ പ്രഭാഷണ പരമ്പരകളിലൂടെ സാധ്യമാകട്ടെയെന്ന് ആഗ്രഹിക്കാം പ്രാർത്ഥിക്കാം. ആതിഥ്യം നല്കിയ ഇടവകകളോടും ക്രമീകരണങ്ങൾ ചെയ്ത എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

2023 ലെ വാർഷിക പ്രതിനിധി മണ്ഡലയോഗം ആഗസ്റ്റ് മാസം 29, സെപ്തംബർ 1, 2 (ചൊവ്വ, വെള്ളി, ശനി) തീയതികളിലും, സഭാ ഭരണഘടന 21-ാം വകുപ്പ് പ്രകാരം പുതിയ എപ്പിസ്ക്കോപ്പാമാരെ തിരഞ്ഞെടുക്കുന്നതിനുള്ള സഭാ പ്രതിനിധി മണ്ഡലത്തിന്റെ യോഗം 2023 ആഗസ്റ്റ് 30, 31 (ബുധൻ, വ്യാഴം) തീയതികളിലും തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ യെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ വെച്ച് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതിന് സഭാ കൗൺസിൽ തീരുമാനിച്ച വിവരം എല്ലാവരെയും ഇതിനോടകം അറിയിച്ചിട്ടുണ്ടല്ലോ. ഈ മീറ്റിംഗുകളുടെ അനുഗ്രഹകരമായ നടത്തിപ്പിനായി ഏവരും ആത്മാർത്ഥമായി നിരന്തരം പ്രാർത്ഥിക്കണം. എപ്പിസ്ക്കോപ്പൽ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഇതുവരെ വ്യാപരിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കാം. എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് പേര് നിർദ്ദേശിക്കപ്പെട്ടവരെ പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കണം. ഇടവക തലത്തിൽ പ്രത്യേകം ദിവസങ്ങൾ വേർതിരിച്ച് ഈ വിഷയവും ഉൾപ്പെടുത്തി പ്രാർത്ഥന ക്രമീകരിക്കുന്നത് ഉചിതമാണ്. കുടുംബമായും വ്യക്തികളായും പ്രത്യേകം പ്രാർത്ഥിക്കുകയും വേണം.

ഭാഗ്യസ്മരണീയരായ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പായുടെയും സ്മരണാർത്ഥം അയിരൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജെ. എം. & എം. എ ഹോളിസ്റ്റിക്ക് സെന്ററിന്റെ ആഭിമുഖ്യത്തിൽ പണി കഴിപ്പിച്ച സ്നേഹവീട് എന്ന ഭവനദാനപദ്ധതി ഏപ്രിൽ 10 ന് ഉദ്ഘാടനം ചെയ്തു. നമ്മുടെ സഭാംഗമായ ഒരു കുടുംബം നല്കിയ 1.7 ഏക്കർ ഭൂമി, സ്വന്തമായി ഭൂമിയും വീടും ഇല്ലാതിരുന്ന ഏതാനും കുടുംബങ്ങൾക്ക് 5 സെന്റ് വീതം നല്കുകയും, അതിൽ 21 വീടുകളുടെയും കമ്മ്യൂണിറ്റി സെന്ററിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും പണി പൂർത്തീകരിക്കുകയും ചെയ്തു. ഹൗസിംഗ് ബോർഡിന്റെ ഹരിശ്രീ പദ്ധതിയും മെത്രാപ്പോലീത്തൻ പട്ടത്തസുവർണ്ണജൂബിലി പ്രോജക്ടായ അഭയം പദ്ധതിയും ഇതിൽ ഭാഗഭാക്കായി. അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഭവനങ്ങളുടെ താക്കോൽ ദാനം 2023 ഏപ്രിൽ 10 ന് നിർവ്വഹിച്ചു. നേതൃത്വം നല്കിയ സെന്ററിന്റെ ചെയർമാൻ അഭി. തോമസ് മാർ തിമൊഥെയോസ് എപ്പിസ്ക്കോപ്പാ തിരുമേനിയെയും ഡയറക്ടർ റവ. വി. എസ്. സ്ക്കറിയ അച്ചനെയും ഗവേണിംഗ് ബോർഡ് അംഗങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ ചെന്നൈ - ബാംഗ്ലൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്ടിലുള്ള ചിറ്റൂരിൽ നിർമ്മാണം പൂർത്തീകരിച്ച ഗൈഡൻസ് ഹോം ആന്റ് മിഷൻ സെന്ററിന്റെ കൂദാശയും ഉദ്ഘാടനവും നിർവ്വഹിക്കുകയും, റാണിപ്പെട്ടിൽ പുതുതായി പണികഴിപ്പിക്കുന്ന ഗൈഡൻസ് ഹോമിന്റെ അടിസ്ഥാന ശില ആശീർവ്വദിക്കുകയും ചെയ്തു. ക്രിസ്തു ശരീരമാകുന്ന സഭയുടെ ദൗത്യനിർവ്വഹണത്തിൽ ആവശ്യക്കാരന് ആശ്വാസമാകുക എന്നതിന് സുപ്രധാന സ്ഥാനമുണ്ട്. നമ്മുടെ സഭയുടെ വിവിധ ഭദ്രാസനങ്ങളുടെ ആഭിമുഖ്യത്തിൽ ഇപ്പോൾത്തന്നെ തിരുവനന്തപുരം, വെല്ലൂർ, മണിപ്പാൽ, കണ്ണൂർ, മംഗലാപുരം, കോട്ടയം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ ഹോസ്പിറ്റൽ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെന്ററുകൾ നടത്തി വരുന്നു. ചികിത്സയ്ക്കും രോഗനിർണ്ണയത്തിനുമായി ഈ പ്രദേശങ്ങളിലെത്തുന്നവർക്ക് അപരിചിതത്വവും സാമ്പത്തിക ബുദ്ധിമുട്ടുകളും തരണം ചെയ്യുന്നതിന് സഹായകരമാണ് ഇത്തരത്തിലുള്ള ഗൈഡൻസ്

സെന്ററുകൾ.

ചെന്നൈ - ബാംഗ്ലൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്ടിൽ പടൂരിൽ പണികഴിപ്പിച്ച വിദ്യാസദനം എന്ന പുതിയ സ്റ്റുഡന്റ്സ് സെന്ററിന്റെ കൂദാശയും ഉദ്ഘാടനവും നിർവ്വഹിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഉന്നത വിദ്യാഭ്യാസത്തിനായി ചെന്നൈയിലെത്തുന്ന വിദ്യാർത്ഥികൾക്ക് കൂട്ടായ്മയ്ക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും ഇതിലൂടെ കൂടുതൽ അവസരം ലഭിക്കുന്നതിന് ഇടയാകും. ഈ സെന്ററിന്റെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഉദാരമായി നൽകിയത് ഹിന്ദുസ്ഥാൻ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് സ്ഥാപക ചെയർപേഴ്സൺ ഡോ. എലിസബത്ത് വർഗീസ് ആണ്. സഭയുടെ പേരിൽ നന്ദി അറിയിക്കുന്നു. പുതിയ ഗൈഡൻസ് സെന്ററുകൾക്കും സ്റ്റുഡന്റ്സ് സെന്ററിനും ആലോചനയും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വവും നല്കിയ എല്ലാവരേയും വിശേഷാൽ ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനിയെയും, ഭദ്രാസന കൗൺസിൽ, ഗൈഡൻസ് ഹോം ഗവേണിംഗ് ബോർഡ് അംഗങ്ങളെയും അഭിനന്ദിക്കുന്നു.

കോവിഡ് മഹാമാരിയുടെ അതിതീവ്ര വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ദൈവാലയത്തിൽ വെച്ച് നടത്തപ്പെടുന്ന ആരാധനയുടെ ക്രമീകരണവും അതിലെ പങ്കാളിത്തവും സംബന്ധിച്ച് സഭയായി ചില മാറ്റങ്ങൾ വരുത്തുകയും അത് ഇപ്പോഴും തുടർന്ന് വരികയുമാണല്ലോ. എന്നാൽ ഇപ്പോൾ കോവിഡ് മഹാമാരി പൊതുവെ നിയന്ത്രണവിധേയമായതിനാൽ സഭയായി ഏർപ്പെടുത്തിയിരുന്ന കോവിഡ് നിയന്ത്രണങ്ങൾ തുടരുന്നതിന് ഇനിയും നിർബ്ബന്ധിക്കുന്നില്ല എന്നറിയിക്കുന്നു. ഏതെങ്കിലും സംസ്ഥാനങ്ങളിലോ പ്രാദേശിക ഇടങ്ങളിലോ സാമൂഹ്യവ്യാപന സാധ്യത ഉണ്ടായാൽ അതാതിടങ്ങളിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചും, സർക്കാരിന്റെയും, ആരോഗ്യ വകുപ്പിന്റെയും നിർദ്ദേശ പ്രകാരവും ഭദ്രാസന എപ്പിസ്ക്കോപ്പായുടെ അനുവാദത്തോടെയും ആരാധനകൾ ക്രമീകരിച്ച് നടത്തേണ്ടതാണ്.

സഭയുടെ വിശ്വാസ ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണ് ആരാധനാക്രമങ്ങൾ. സഭയുടെ എല്ലാ ആരാധനാക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളും എപ്പിസ്ക്കോപ്പൽ സിനഡിന്റെ അംഗീകാരമുള്ളതും, മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ കല്പനയിലൂടെ അനുവാദം നല്കിയിട്ടുള്ളതുമായിരിക്കണം. സമീപകാലത്തായി നമ്മുടെ ആരാധനകളിലും ആചാരാനുഷ്ഠാനങ്ങളിലും ഇതുവരെ നാം പാലിച്ച് പോന്നിരുന്ന പതിവുകളിൽ നിന്നും ചില വ്യതിയാനങ്ങൾ കടന്നുകൂടുന്നതായി എപ്പിസ്ക്കോപ്പൽ സിനഡിന്റെ ശ്രദ്ധയിൽപ്പെടുകയും ഈ വിഷയം ചർച്ച ചെയ്യപ്പെടുകയും ചെയ്തു. ആയതിന്റെ തീരുമാനങ്ങൾ താരകയിലൂടെ മെത്രാപ്പോലീത്താ ഏവരെയും അറിയിക്കണമെന്ന് എപ്പിസ്ക്കോപ്പൽ സംഘം താല്പര്യപ്പെട്ടു. ഇപ്പോൾ ഉപയോഗിച്ചുവരുന്ന വലിയനോമ്പു നമസ്ക്കാര ക്രമം, മോറാനായ പെരുനാളുകളുടെ ശുശ്രൂഷാ ക്രമം, പ്രത്യേക സന്ദർഭങ്ങളിലേക്കുള്ള ലഘു ആരാധന ക്രമങ്ങൾ എന്നിവ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് എപ്പിസ്ക്കോപ്പൽ സിനഡ് തീരുമാനിച്ചു. ഹോശാനാ ഞായറാഴ്ചയിൽ കുരുത്തോല പിടിച്ചു കൊണ്ടുള്ള പ്രദിക്ഷിണം നമുക്കില്ല എന്ന പാരമ്പര്യം അതേ രീതിയിൽത്തന്നെ തുടരേണ്ടതാണ്. ദുഃഖവെള്ളിയാഴ്ചയിൽ വൈദികർ കാപ്പാ ധരിക്കുന്ന പതിവും നമുക്കില്ല. പട്ടംകൊട ശുശ്രൂഷകളിൽ പട്ടക്കാർക്ക് നല്കുന്ന കുപ്പായവും ശുശ്രൂഷാ വസ്ത്രങ്ങളുമാണ് പട്ടക്കാരുടെ സ്ഥാന വസ്ത്രങ്ങൾ. ഈ നിർദ്ദേശങ്ങൾ ഗൗരവമായിക്കണ്ട് ഏവരും പാലിക്കണമെന്നറിയിക്കുന്നു. ആരാധന - ആചാരാനുഷ്ഠാന സംബന്ധമായ വിഷയങ്ങൾ എപ്പിസ്ക്കോപ്പൽ സിനഡിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സഭാംഗങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. എന്നാൽ സഭാംഗങ്ങളിൽ ആശയക്കുഴപ്പം ഉളവാകുന്ന തരത്തിൽ സാമൂഹ്യ മാധ്യമങ്ങളിലും പൊതുവേദികളിലും ഇത്തരം വിഷയങ്ങൾ എഴുതുന്നതും ചർച്ചചെയ്യപ്പെടുന്നതും സഭാ ഗാത്രത്തിന് പ്രയോജകീഭവിക്കുകയില്ല.

മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസിന്റെ 111-ാമത് കൂടിവരവ് ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് സെമിനാരിയിൽ വെച്ച് 2023 മേയ് മാസം 22 മുതൽ 25 വരെ നടത്തപ്പെടുന്നു. പ്ലസ്സ് ടൂ പരീക്ഷ എഴുതിയവരുൾപ്പെടെ, കോളേജ് - യൂണിവേഴ്സിറ്റി തലങ്ങളിൽ പഠിക്കുന്ന എല്ലാ മാർത്തോമ്മാ വിദ്യാർത്ഥികളെയും പങ്കെടുപ്പിക്കുവാൻ മാതാപിതാക്കളും പട്ടക്കാരും അദ്ധ്യാപകരും കൂട്ടായി പരിശ്രമിക്കണം. നമ്മുടെ സഭയിലെ തിരുമേനിമാരും, അത്മായ വൈദിക നേതാക്കളും, അദ്ധ്യാപകരും ഈ കോൺഫറൻസിൽ ഒരുമിച്ച് ചേർന്ന് വന്ന് വേദപുസ്തകം, അടിസ്ഥാന വിശ്വാസം, കൂദാശകൾ, സഭയുടെ ദൗത്യം, സുവിശേഷീകരണം, ഇന്നത്തെ സമകാലിക വെല്ലുവിളികൾ എന്നിവയെല്ലാം അറിയുന്നതിനും പഠിക്കുന്നതിനുമുള്ള അസുലഭ അവസരമാണിത്. കഴിഞ്ഞ 11 ദശകങ്ങൾ അനേക യുവജനങ്ങളിൽ സുവിശേഷത്തിന്റെ വെല്ലുവിളി ഉണർത്തുന്നതിനും സഭാ രംഗങ്ങളിലും സാമൂഹ്യ ഇടങ്ങളിലും അവരെ നേതൃനിരയിലേക്ക് വളർത്തിയെടുക്കുന്നതിനും ഈ കോൺഫറൻസിലൂടെ സാധിച്ചിട്ടുണ്ട്. യൗവ്വനം ഇന്ന് ഒട്ടനവധി വെല്ലുവിളികൾ നേരിടുന്നു. അവയെ തിരിച്ചറിഞ്ഞ് നാം ഇന്ന് കർമ്മനിരതരാകണം. കേരളത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികൾ പൊതുവെ കുറയുന്ന വർത്തമാനകാല സാഹചര്യത്തിൽ ലഭ്യമായ കുഞ്ഞുങ്ങൾക്ക് ശരിയായ ദിശാബോധം നല്കുന്നതിനും, ക്രിസ്തീയ കാര്യവിചാരകത്വത്തിൽ നിലനിർത്തുന്നതിനും, തിന്മകളെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കുന്നതിനും, ധാർമ്മികതയിൽ ഉറപ്പിക്കുന്നതിനും, ആത്മീയ പരിപോഷണം നല്കുന്നതിനുമുള്ള പരിശ്രമങ്ങളെ നാം ലാഘവത്തോടെ കാണരുത്.

ഭാരതത്തിലെ വിവിധ സഭകളുടെയും എക്യൂമെനിക്കൽ സംഘടനകളുടെയും സംയുക്ത വേദിയായ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയുടെ 24-ാമത് അസംബ്ലി ഹൈദരാബാദിലുള്ള ഹെൻറി മാർട്ടിൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് ഏപ്രിൽ 21 മുതൽ 24 വരെ നടത്തപ്പെട്ടു. നമ്മുടെ സഭയിൽ നിന്നും അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ 18 അംഗ പ്രതിനിധി സംഘം ആദിയോടന്തം ജനറൽ അസംബ്ലിയിൽ സംബന്ധിച്ചു. പങ്കാളിത്തം കൊണ്ടും ക്രമീകരണങ്ങൾ കൊണ്ടും ശ്രദ്ധേയമായിരുന്ന അസംബ്ലിയുടെ സംഘാടക നേതൃത്വത്തിൽ നമ്മുടെ സഭാംഗങ്ങളായ ശ്രീമതി. ഏലിയാമ്മ തോമസ്, റവ. ഏബ്രഹാം മാത്യു എന്നിവർ എൻ. സി. സി. ഐ. യിലൂടെ ഭാഗഭാക്കായി. 2023-2027 കാലയളവിലെ പ്രസിഡന്റായി മലങ്കര ഓർത്തഡോക്സ് സഭയുടെ കുന്നംകുളം ഭദ്രാസനത്തിന്റെ അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ തിരഞ്ഞെടുക്കപ്പെട്ടു. മാർത്തോമ്മാ സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ആദിവാസി യുവാവ് മധുവിനെ മർദ്ദിച്ചു കൊലപ്പെടുത്തിയ കേസിൽ പതിനാല് പ്രതികൾ കുറ്റക്കാരാണെന്ന് കോടതി വിധിച്ചത് പ്രാന്തസ്ഥരായ ജനങ്ങൾക്കും നീതി ലഭിക്കും എന്ന ഉറപ്പ് പൊതു സമൂഹത്തിന് നൽകുന്നതാണ്. അട്ടപ്പാടി ചിണ്ടക്കി ഊരിലെ ഇരുപത്തിയേഴ് വയസ്സുകാരൻ മധു 2018 ഏപ്രിൽ 22-നായിരുന്നല്ലോ മോഷണക്കുറ്റം ആരോപിക്കപ്പെട്ട് ആൾക്കൂട്ട മർദ്ദനത്തിനിരയായതും തുടർന്ന് മരണപ്പെടുകയും ചെയ്തത്. മാനസികാസ്വാസ്ഥ്യമുള്ളയാളായിരുന്ന മധുവിന്റെ കൈകൾ ബന്ധിച്ചായിരുന്നു മർദ്ദിച്ചത്. മധുവിനെ മർദ്ദിക്കുന്നതിന്റെ ചിത്രങ്ങളും വീഡിയോ ദൃശ്യങ്ങളും മൊബൈൽ ഫോണിൽ പകർത്തി സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിക്കുക എന്ന നികൃഷ്ട കൃത്യം കൂടെ കൊലയാളികൾ ചെയ്തു. ജുഗുപ്സാവഹമായ ഈ ദൃശ്യങ്ങൾ സമൂഹമനസ്സാക്ഷിയെ ഞെട്ടിച്ചു. നീതി തേടിയുള്ള മധുവിന്റെ കുടുംബത്തിന്റെ അഞ്ചു വർഷത്തെ അലച്ചിലിനും കാത്തിരിപ്പിനുമൊടുവിലാണ് കോടതിയുടെ വിധി വരുന്നത്.

വസ്തു - കെട്ടിട നികുതി പരിഷ്ക്കരണം മൂലം സംസ്ഥാനത്തെ കേരളാ സിലബസ് പഠിപ്പിക്കുന്ന സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളുടെ നടത്തിപ്പ് ഇപ്പോൾ കടുത്ത പ്രതിസന്ധിയിലാണ്. കുട്ടികളുടെ എണ്ണം കൊണ്ടും കുറഞ്ഞ ഫീസ് നിരക്ക് കൊണ്ടും മറ്റു സിലബസുകളിൽ പഠിപ്പിക്കുന്ന സ്കൂളുകളോട് താരതമ്യം ചെയ്യുമ്പോൾ വളരെ പ്രയാസം സഹിച്ചാണ് ഈ സ്കൂളുകൾ നടത്തിക്കൊണ്ടു പോകുന്നത്. സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവയിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അൺ എയ്ഡഡ് സ്കൂളുകളോടു മാത്രം സർക്കാർ വിവേചനം കാണിക്കുന്നു. അൺ എയ്ഡഡ് സ്കൂളുകൾക്ക് ഇനി മുതൽ കെട്ടിട നികുതി അടയ്ക്കണമെന്നാണ് ധനബില്ലിൽ പ്രതിപാദിച്ചിരിക്കുന്നത്. കെട്ടിടം എന്ത് ആവശ്യത്തിന് ഉപയോഗിക്കുന്നു എന്നതാണ് നികുതി നിർണ്ണയിക്കുന്നതിനുള്ള ഘടകം. സ്ക്കൂൾ കെട്ടിടങ്ങൾ എല്ലാം തന്നെ വിദ്യാഭ്യാസ ആവശ്യത്തിന് മാത്രമാണ് ഉപയോഗിക്കുന്നത്. അതിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്ന വേർതിരിവ് നീതീകരിക്കത്തക്കതല്ല. വർദ്ധിച്ച കെട്ടിട നികുതിയിൽ നിന്നും സ്കൂളുകളെ ഒഴിവാക്കിയും കേരള സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾക്കും ഇളവുകൾ നല്കി സാമൂഹിക നീതി ഉറപ്പുവരുത്തുവാൻ ഭരണാധികാരികൾ ശ്രദ്ധിക്കണം.

ആഭ്യന്തര കലാപം രൂക്ഷമായ സുഡാനിൽ ദാരിദ്ര്യവും പട്ടിണിയും വർദ്ധിക്കുന്നു എന്നത് ആശങ്കാജനകമാണ്. സംഘർഷഭരിതമായ സാഹചര്യം ഇപ്പോഴും അവിടെ തുടരുന്നു. സൈന്യത്തിന്റെയും അർധസൈനിക വിഭാഗത്തിന്റെയും പോരാട്ടത്തിനിടെ കുടുങ്ങിയ ജനം രക്ഷപെടാനായി അയൽരാജ്യങ്ങളിലേക്ക് പലായനം തുടങ്ങി. ഊർജ, ശുദ്ധജല പ്രതിസന്ധിയും, ആവശ്യസാധനങ്ങളുടെ ദൗർലഭ്യവും രൂക്ഷമായതോടൊപ്പം ആ രാജ്യത്തെ ആശുപത്രികളുടെ പ്രവർത്തനവും നിലച്ചു എന്നത് ഒരു വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. സാധാരണക്കാർക്കും സന്നദ്ധ പ്രവർത്തകർക്കുമെതിരെയുള്ള ആക്രമണങ്ങൾ അവസാനിപ്പിക്കണമെന്ന് ഐക്യ രാഷ്ട്ര സഭ ആവശ്യപ്പെട്ടിട്ടുണ്ട്. സുഡാനിലുള്ള ഇന്ത്യക്കാരെ എത്രയും വേഗം നാട്ടിൽ തിരിച്ചെത്തിക്കേണ്ടതും ആവശ്യമാണ്. കലാപമവസാനിച്ചു സമാധാനവും നീതിയും അവിടെ സംജാതമാകുവാൻ നാം ഏവരും പ്രാർത്ഥിക്കണം.

മേയ് മാസം 28-ാം തീയതി നമ്മുടെ സഭ ദിവ്യസംഗീത ദിനമായി വേർതിരിച്ചിരിക്കുന്നു. 1969 ൽ സ്ഥാപിതമായ ഈ സംഘടന സഭയുടെ ആരാധനാ സംബന്ധമായ കാര്യങ്ങളിൽ നല്കുന്ന നേതൃത്വം ശ്ലാഘനീയമാണ്. നമ്മുടെ ഇടവക ഗായസംഘങ്ങൾ എല്ലാം ഡി. എസ്. എം. സി. യിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണം. ഡി. എസ്. എം. സി. യുടെ വിവിധങ്ങളായ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. ആരാധനാ ഗീതങ്ങൾ, ക്രിസ്തീയ കീർത്തനങ്ങൾ, മാരാമൺ കൺവൻഷൻ ഗീതങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണവും, ശബ്ദ പരിശോധന, ഗായക സംഘ പരിശീലനം എന്നിവയും ചെയ്തുവരുന്നു. കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ഡി. എസ്. എം. സി. മീഡിയ എന്ന മുഖവുമായി ജനങ്ങളിലേക്ക് എത്തിച്ചേർന്നു. ഡി. എസ്. എം. സി. യെ ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കാം.

നമ്മുടെ സഭയുടെ ആഭിമുഖ്യത്തിൽ മാർത്തോമ്മാ വിഷൻ ഓൺലൈൻ ചാനൽ മെയ് 22 ന് സ്റ്റുഡന്റ്സ് കോൺഫറൻസ് വേദിയിൽ ഉദ്ഘാടനം ചെയ്യുവാൻ സഭാ കൗൺസിൽ തീരുമാനിച്ചു. സഭയുടെ ശുശ്രൂഷാ സരണികളും, ഉദ്ബോധനങ്ങളും, സാ

മൂഹ്യവിഷയങ്ങളിലെ നിലപാടുകളും കൃത്യമായി ജനങ്ങളിലെത്തിക്കുവാൻ മാർത്തോമ്മാ വിഷൻ ചാനലിലൂടെ സാധ്യമാകുമെന്ന് പ്രതീക്ഷിക്കാം.

സഭയുടെ സാമൂഹ്യ സേവന വിഭാഗമായ CARD ന്റെ ഡയറക്ടർ ആയും തെക്കൻ തിരുവിതാംകൂർ മേഖലയിലെ STARD ന്റെ സെക്രട്ടറി ആയും സേവനം അനുഷ്ഠിച്ച ശ്രീ. എം. ഒ. ജോസഫ് നിര്യാതനായി. ജീവിതത്തിൽ ഉടനീളം സാമൂഹ്യ സേവനത്തിൽ സമർപ്പണ മനോഭാവത്തോടെ അദ്ദേഹം പ്രവർത്തിച്ചു. മുൻ എം. പി. യും മലയാളക്കരയിലെ മികച്ച കലാകാരനും ആയിരുന്ന ശ്രീ. ഇന്നസെന്റ് അന്തരിച്ചു. അദ്ദേഹം ഒരു തികഞ്ഞ മനുഷ്യ സ്നേഹിയായിരുന്നു. ലോകസഭാംഗം എന്ന നിലയിൽ ശ്രീ. ഇന്നസെന്റ് ഇന്ത്യൻ പാർലമെന്റിൽ ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും ശബ്ദമായിരുന്നു. മാർത്തോമ്മാ സഭയുടെ ഒരു നല്ല സുഹൃത്തായിരുന്ന അദ്ദേഹം, വിശേഷാൽ കാലം ചെയ്ത ക്രിസോസ്റ്റം വലിയ മെത്രപ്പോലീത്തായുമായി ഉറ്റ ബന്ധം പുലർത്തിയിരുന്നു. ഇവരുടെ ദേഹവിയോഗത്തിൽ മാർത്തോമ്മാ സഭയുടെ അനുശോചനം അറിയിക്കുന്നു.

മേയ് മാസം രണ്ടു മോറോനായ പെരുന്നാളുകൾ സഭ കൊണ്ടാടുന്നു. മെയ് 18 നു സ്വർഗ്ഗാരോഹണ പെരുന്നാളും മെയ് 28 ന് പെന്തക്കോസ്ത് പെരുന്നാളും ആചരിക്കുകയാണ്. ഈസ്റ്റർ കഴിഞ്ഞ് 40–ാം ദിവസമാണ് സ്വർഗ്ഗാരോഹണ പെരുനാൾ. തുടർന്ന് 10 ദിവസം കഴിഞ്ഞ് പെന്തക്കോസ്ത് പെരുനാളും കൊണ്ടാടുന്നു. ഉത്ഥിതനായ കർത്താവിന്റെ സ്വർഗ്ഗത്തിലേക്കുള്ള കരേറ്റവും സഭയ്ക്ക് നല്കിയ പരിശുദ്ധാത്മ ദാനത്തേയും നാം അനുസ്മരിക്കുമ്പോൾ അത് നമ്മുടെ വിശ്വാസ ജീവിതത്തെയും ദൗത്യനിർവ്വഹണത്തെയും കൂടുതൽ ശക്തീകരിക്കുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കാം.

മെയ് മാസത്തെ ഞായറാഴ്ച്ചകളിലെ വായനകൾ വിശ്വാസത്തിലും സഭാ ദൗത്യത്തിലും നമ്മെ ശക്തീകരിക്കുന്നവയാണ്. മേയ് 7 ഞായർ, നാം ഭൂഭവനദാന പ്രസ്ഥാന ദിനമായി ആചരിക്കുന്നു. 'ചെറിയവരെ ഓർത്തുകൊള്ളുവിൻ' എന്നതാണ് ചിന്താവിഷയം. സഭക്ക് സമൂഹത്തിൽ നിർവഹിക്കുവാനുള്ള വലിയ ദൗത്യം ഉൾകൊണ്ടതിന്റെ ഫലമായി രൂപം പ്രാപിച്ചതാണ് ഈ പ്രസ്ഥാനം. എളിയവരെ ആദരിക്കുന്നതും ആവശ്യങ്ങളിൽ കരുതുന്നതും കേവലം ഔദാര്യമല്ല, കടപ്പാടാണ് എന്ന് വചനം ഓർമിപ്പിക്കുന്നു. വിശുദ്ധ മത്തായി ശ്ലീഹാ അന്ത്യന്യായവിധിയുടെ മാനദണ്ഡമായി പറയുന്നത് എളിയവരോടുള്ള കരുതൽ ആകുന്നുവല്ലോ.(25:31–46). ഈ കരുതൽ ജീവിത ശൈലി ആക്കിയവർക്കാണ് ദൈവിക അംഗീകാരവും സന്തോഷവും ലഭിക്കുന്നത്. കമ്പോളത്തിന്റെ ലാഭ സങ്കല്പത്തിനപ്പുറം കരുതലിന്റെ കാവലാളുകൾ ആകാൻ സഭക്ക് കഴിയേണ്ടതുണ്ട്.

മെയ് 14 ഞായറാഴ്ച 'ഉയർത്തെഴുന്നേറ്റ കർത്താവിന്റെ സാക്ഷികൾ ആകുക (ലൂക്കോ.24:36–49)' എന്ന ചിന്താവിഷയം ആണ് ധ്യാനിക്കുന്നത്. മെയ് 18 നു സ്വർഗ്ഗാരോഹണ പെരുന്നാൾ ആചരിക്കുകയുമാണ്. പിതാവിന്റെ സന്നിധിയിൽ വലതുഭാഗത്തിരിക്കുന്ന കർത്താവ് നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നുണ്ട്. സ്രഷ്ടാവും വീണ്ടെടുപ്പുകാരനുമായ കർത്താവ് നമ്മുടെ ബലഹീനതകളിൽ തുണനിൽക്കുകയും നമുക്ക് ബലം നൽകുകയും ചെയ്യുന്നു. പൂർവകാലങ്ങളിലെ വിശ്വാസസാക്ഷ്യങ്ങൾ വർത്തമാനകാല വിശ്വാസ ജീവിതത്തിന് വലിയ പ്രേരകങ്ങൾ ആണല്ലോ. എരിച്ചുകളയുന്ന തീയോ മുക്കിക്കളയുന്ന പെരുവെള്ളമോ ഭയപ്പെടാതെ മുൻപോട്ടു പോകാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

മെയ് 21 ഞായറാഴ്ച 'പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം' എന്ന ചിന്താവിഷയം നല്കപ്പെട്ടിരിക്കുന്നു. യേശു ശിഷ്യർക്കു നൽകിയ വലിയ വാഗ്ദാനം ആയിരുന്നു പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ. (യോഹന്നാൻ 16:5–13). പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധ്യം വരുത്തുന്ന പരിശുദ്ധത്മാവാണ് ലോകത്തെ ദൈവിക വിശുദ്ധിയിൽ കാക്കുന്നതിനുള്ള പ്രേരകമായി തീരുന്നത്. സകല സത്യത്തിലേക്കും വഴി നടത്തുന്ന പരിശുദ്ധാത്മാവ് ദൈവവചനത്തെ കാലികമാക്കിത്തീർക്കുന്നു. സദാകാലത്തും കൂടെയിരിക്കുന്ന ആത്മാവ്, തന്റെ മക്കളെ അനാഥരായി വിടുകയില്ല. ഈ സനാഥത്വം ആണ് വിശ്വാസജീവിതത്തിന്റെ വലിയ ഭാഗ്യം.

മെയ് 28 ഞായർ, സഭയ്ക്ക് പെന്തക്കോസ്ത് പെരുന്നാൾ ആണ്. അന്ന് ദിവ്യസംഗീത ഞായർ ആയും ആചരിക്കുന്നുവല്ലോ. 'കർത്താവിനായി പാടുക' (യോഹ.14:14–21) എന്നതാണ് ധ്യാന വിഷയം. മനുഷ്യ ചരിത്രത്തിൽ ദൈവിക ഇടപെടൽ ഉണ്ടായ ഓരോ സന്ദർഭവും പുതിയ പാട്ടിന്റെ സന്ദർഭങ്ങൾ ആയിരുന്നു. സാർവ്വലൗകികമായി സഭയുടെ മേൽ പരിശുദ്ധാത്മശക്തി അനുഭവം ആയ ദിവസം അങ്ങനെ പുതിയ പാട്ടിന്റെ ദിവസം തന്നെയാണ്. മനുഷ്യരോട് കൂടെയിരിക്കുകയും അവരുടെ ഉള്ളിൽ വസിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് ജീവിപ്പിക്കുന്ന ആത്മാവാണ്. ദൈവത്തെ സ്നേഹിക്കുന്നവരുടെ ഉള്ളിൽ നിരന്തരമായ ദൈവീക വെളിപ്പെടുത്തലുകൾ ഉണ്ടായിക്കൊണ്ടേയിരിക്കും. ഓരോ ജീവിത സന്ദർഭത്തിലും ദൈവത്തെ നമുക്ക് യാഥാർഥ്യവാൻ ആക്കി തീർക്കുന്ന പരിശുദ്ധാത്മാവ് നമ്മെ വഴി നടത്തട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

Theodosius Malabar

പൂലാത്തീൻ
26. 04. 2023

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**